## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1425** **06.03.2020 ൽ** മറുപടിക്ക്

## വിവാഹ രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ഉബൈദുള്ള** | | **എ.സി. മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| (എ) | പ്രായപൂർത്തിയാകാതെ നടന്ന എല്ലാ വിവാഹങ്ങളും പ്രായപൂർത്തിയായി രണ്ട് വർഷത്തിനകം പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യാമോ; അതിനുള്ള നടപടി ക്രമങ്ങൾ വിശദീകരിക്കാമോ; | പ്രായപൂർത്തിയാകാതെ നടന്ന എല്ലാ വിവാഹങ്ങളും കക്ഷികൾ പ്രായപൂർത്തിയായി രണ്ടു വർഷത്തിനകം, വിവാഹം അസാധുവാക്കുന്നതിനുള്ള അപേക്ഷ ജില്ലാ കോടതിയിൽ സമർപ്പിക്കാത്ത പക്ഷം, കോടതിയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് സാധാരണ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്ന ക്രമ പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്. കോടതിയിൽ ഹർജി ഫയൽ ചെയ്യേണ്ടത് വിവാഹ സമയത്ത് പ്രായപൂർത്തിയാകാത്ത വ്യക്തി ആയതിനാൽ പ്രസ്തുത വ്യക്തിയുടെ 'ഹർജി ഫയൽ ചെയ്യപ്പെട്ടിട്ടില്ല' എന്ന സത്യവാങ്മൂലം ആധികാരികമായി സ്വീകരിക്കാവുന്നതാണ് എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 10/05/2017-ലെ ബി1/15346/17 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.<br>കൂടാതെ 27/06/2013 വരെ നടന്ന എല്ലാ വിവാഹങ്ങളും പ്രായപരിധി പരിഗണിക്കാതെ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് 27/06/2013-ലെ 41832/ആർ.സി3/2013/തസ്വഭവ. നമ്പർ പ്രകാരവും സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ബി) | ഇതു സംബന്ധിച്ച് സർക്കാർ ഇറക്കിയ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; | 27/06/2013-ലെ 41832/ആർ.സി3/2013/തസ്വഭവ. നം. സർക്കുലറിന്റെ പകർപ്പ് അനുബന്ധം 1 ആയും പഞ്ചായത്ത് ഡയറക്ടറുടെ 10/05/2017-ലെ ബി1/15346/17 നം. സർക്കുലറിന്റെ പകർപ്പ് അനുബന്ധം 2 ആയും ചേർത്തിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | വിവാഹം അസാധുവാക്കുന്നതിനുള്ള അപേക്ഷ കോൺട്രാക്ടിംഗ് പാർട്ടിയിലെ ഒരാൾ ജില്ലാ കോടതിയിൽ സമർപ്പിക്കാത്ത പക്ഷം രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് നിയമമുണ്ടായിട്ടും പഞ്ചായത്ത് സെക്രട്ടറിമാർ ഇത്തരം അപേക്ഷകളിൽ രജിസ്റ്റർ ചെയ്യാത്ത കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Danuja Ml
**സെക്ഷൻ ഓഫീസർ**

Annexure -1

GOVERNMENT OF KERALA

നം: 41832/ആർ.സി.3/2013/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 27.06.2013

## സർക്കുലർ

വിഷയം:- കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008 – വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- (1) 06.04.2013 –ലെ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 66549/ആർ.സി.3/2012 നമ്പർ കത്ത്.
(2) 14.06.2013 –ലെ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 35298/ആർ.സി.3/2013 നമ്പർ സർക്കുലർ.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2006 ലെ സീമ Vs. അശ്വനികുമാർ എന്ന കേസ്സിലെ വിധിയുടെ അടിസ്ഥാനത്തിൽ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008 –ൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എല്ലാ മതങ്ങളിലും ഉള്ള ഇൻഡ്യൻ പൗരൻമാർ നിർബന്ധമായും വിവാഹം രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിക്കുകയാണ് പ്രസ്തുത ചട്ടങ്ങളുടെ പ്രധാന ഉദ്ദേശ്യം.

മുസ്ലീം സമുദായത്തിൽപ്പെട്ടവരിൽ പുരുഷൻമാർക്ക് 21 വയസ്സിൽ കുറവും സ്ത്രീകൾക്ക് 18 വയസ്സിൽ കുറവും പ്രായം ഉള്ള വിവാഹങ്ങൾ (16 വയസ്സിൽ കൂടുതൽ) പ്രസ്തുത ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണോ എന്ന ഒരു സ്പഷ്ടീകരണം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് സർക്കാർ അതിന്റെ നിയമപരവും സാമൂഹികവും അടക്കമുള്ള വിവിധ വശങ്ങൾ പരിശോധിച്ചതിനു ശേഷം 06.04.2013 –ൽ ഒരു സ്പഷ്ടീകരണം നൽകുകയും തുടർന്ന് 14.06.2013 –ൽ ഒരു സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. വിവാഹ സമയത്ത് പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും (16 വയസ്സിനു മുകളിൽ) നടന്നിട്ടുള്ള മുസ്ലീം വിവാഹങ്ങൾ പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ബന്ധപ്പെട്ട മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ് എന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിച്ചുകൊണ്ടായിരുന്നു മേൽ പരാമർശിച്ച സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചത്.

പ്രസ്തുത സർക്കുലർ ചില തെറ്റായ സന്ദേശങ്ങൾ നൽകുന്നതായി ചില കോണുകളിൽ നിന്നും ആക്ഷേപങ്ങൾ ഉയർന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം

വീണ്ടും പരിശോധിക്കുകയും സർക്കുലർ കൊണ്ട് ഉദ്ദേശിച്ചിട്ടില്ലാത്ത ചില തെറ്റായ സന്ദേശങ്ങൾ ഒഴിവാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

കിലയുടെ ഡയറക്ടർ ഉന്നയിച്ച സംശയത്തിന് സ്പഷ്ടീകരണം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രമാണ് സർക്കാർ പ്രസ്തുത സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചിട്ടുള്ളത്. വിവാഹം രജിസ്റ്റർ ചെയ്തു എന്നതു കൊണ്ടുമാത്രം അതൊരു സാധുതയുള്ള വിവാഹത്തിന്റെ തെളിവാകുന്നതല്ലാത്തതും ഒരു വിവാഹത്തിന്റെ സാധ്യത സംബന്ധിച്ച് നിർണ്ണായകമായ ഘടകവും അല്ല എന്നും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമൂലം ആ വിവാഹങ്ങളിൽ ജനിക്കുന്ന കുട്ടികളുടെ സംരക്ഷണം, അവകാശം, വിവാഹിതരാകുന്ന വ്യക്തികളുടെ പ്രായം എന്നീ കാര്യങ്ങൾ സംബന്ധിച്ച് അത് മുഖ്യ തെളിവ് ആയിരിക്കുന്നതാണ് എന്നുമുള്ള സീമ Vs. അശ്വനികുമാർ എന്ന കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയും പ്രായപൂർത്തിയാകാതെ നടന്ന വിവാഹങ്ങളിലും അവയുടെ സാഹചര്യങ്ങൾ പരിഗണിച്ച് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ് എന്ന് W.P.(C) No.28388/2012, W.P.(C) No.2154/2013 എന്നീ കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധികളും മറ്റും അവലംബിച്ചാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളുടെ വ്യാപ്തിക്കുള്ളിൽ നിന്നുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത സർക്കുലർ ശൈശവവിവാഹം പ്രോൽസാഹിപ്പിച്ചേക്കും എന്ന ഒരു തെറ്റിദ്ധാരണ ഉളവാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിവാഹങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാത്തതുമൂലം വർഷങ്ങളായി ഒരുമിച്ചു താമസിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കും അവരുടെ സന്താനങ്ങൾക്കും വിവിധ തരത്തിലുള്ള വിഷമതകൾ നേരിടുന്നതായി മനസ്സിലാക്കിയതുകൊണ്ടു മാത്രമാണ് പ്രസ്തുത സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചിട്ടുള്ളത്. അതല്ലാതെ ശൈശവവിവാഹ നിരോധന നിയമത്തിന്റെ അന്തസത്തയ്ക്ക് എന്തെങ്കിലും ഭംഗം വരുത്തണമെന്ന് സർക്കാർ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. അപ്രകാരം ഒരു തെറ്റിദ്ധാരണ ചിലരിലെങ്കിലും ഉളവാക്കിയതായും സർക്കുലറിൽ വസ്തുതാപരമായ ചില പിശകുകൾ സംഭവിച്ചതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി ഒരു പുതിയ സർക്കുലർ പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചതിൻ പ്രകാരമാണ് സ്പഷ്ടീകരിച്ചുകൊണ്ട് ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്.

മേൽ പരാമർശിച്ച സ്പഷ്ടീകരണവും സർക്കുലറും 2006 –ലെ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ അന്തസത്തയെ ഒരു തരത്തിലും ബാധിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നില്ല. മറിച്ച് ശൈശവവിവാഹനിരോധന നിയമത്തിന്റെ എല്ലാ വകുപ്പുകളും അക്ഷരാർത്ഥത്തിൽ തന്നെ നടപ്പിലാക്കുവാൻ സർക്കാരും മറ്റ് അധികാരസ്ഥാനങ്ങളും പ്രതിജ്ഞാബദ്ധമാണ് എന്ന് വ്യക്തമാക്കുന്നു. മാത്രമല്ല

ശൈശവ വിവാഹ നിരോധന നിയമത്തിലെ 9, 10, 11 എന്നീ വകുപ്പുകൾ പ്രകാരം ശൈശവ വിവാഹം ശിക്ഷാർഹവുമാണ്. ശൈശവ വിവാഹങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും നിയമത്തിൽ പ്രതിപാദിക്കുന്ന മറ്റ് ഉദ്യോഗസ്ഥരും തികഞ്ഞ ജാഗ്രത പുലർത്തേണ്ടതും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതും ആണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജാഗ്രതാസമിതികളും ഇക്കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി പുലർത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജാഗ്രതാസമിതി അംഗങ്ങൾക്കു നൽകേണ്ടതുമാണ്.

വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് 2008 –ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചില അവ്യക്തതകൾ നിലനിൽക്കുന്നതിനാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ വൈമുഖ്യം പ്രകടിപ്പിക്കുന്നു. ഇത് ഒരു സാമൂഹിക പ്രശ്നമായി നിലനിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇന്നേ ദിവസം വരെ (27.06.2013) നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളും പ്രസ്തുത ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

മേൽ പരാമർശിക്കപ്പെട്ട 06.04.2013 –ലെ സ്പഷ്ടീകരണവും 14.06.2013 –ലെ സർക്കുലറും അതിലംഘിച്ചു കൊണ്ട് ഈ സർക്കുലർ പുറപ്പെടുവിക്കുന്നു.

**ജെയിംസ് വർഗ്ഗീസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യ-നീതി വകുപ്പ്, തിരുവനന്തപുരം
ചെയർപേഴ്സൺ, കേരള ചൈൽഡ് റൈറ്റ്സ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ഡയറക്ടർ, കില, തൃശ്ശൂർ
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Danniya M
സെക്ഷൻ ഓഫീസർ

Annexure-2

നമ്പർ. ബി1-15346/2017

പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി: 10.05.2017

**സർക്കുലർ**

വിഷയം: വിവാഹ രജിസ്ട്രേഷൻ-ക്രോഡീകരിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: പഞ്ചായത്ത് ഡയറക്ടറുടെ 07.02.2015 ലെ ബി1-5000/2015 നമ്പർ സർക്കുലർ

1. 1957-ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ, 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകൾ, സർക്കുലറുകൾ, നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിച്ച് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. സൂചനയിലെ സർക്കുലറിനു ശേഷം ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതികളും സർക്കാർ സ്പഷ്ടീകരണങ്ങളും ക്രോഡീകരിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് ചീഫ് രജിസ്ട്രാർ മുൻപ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ പ്രാബല്യത്തിലുണ്ടായിരിക്കുന്നതല്ലെന്നും വ്യക്തമാക്കുന്നു.

2. **ഹിന്ദു വിവാഹ രജിസ്ട്രേഷൻ**

2.1 1955ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടക്കുന്ന വിവാഹങ്ങൾ 15 ദിവസത്തിനകം ഫാറം നമ്പർ 1-ൽ തദ്ദേശരജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. റിപ്പോർട്ടിനോടൊപ്പം ഭാര്യാഭർത്താക്കൻമാരുടെ വയസ് തെളിയിക്കുന്നതിനുള്ള രേഖകൾ, ആദ്യ വിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ നിയമാനുസൃത രേഖകൾ/പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ എന്നിവ സമർപ്പിക്കുന്നതിൻമേൽ, വിവാഹം നടന്നത് ബോധ്യപ്പെട്ട് രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.2 ഭർത്താവ് ഒരു പ്രവാസി ഭാരതീയനാകുന്ന സംഗതിയിൽ അദ്ദേഹത്തിന്റെ വിദേശത്തുള്ള താമസ സ്ഥലത്തിന്റെ മേൽവിലാസവും സെക്യൂരിറ്റി നമ്പരും പാസ്പോർട്ട് നമ്പരും മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തേണ്ടതും സാധുതയുള്ള പാസ്പോർട്ടിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് പകർപ്പ് വിവാഹ സർട്ടിഫിക്കറ്റ് നൽകുന്നതിനു മുമ്പായി വിവാഹ രജിസ്റ്ററിൽ ഒട്ടിക്കേണ്ടതുമാണ്.

2.3 വിവാഹം നടന്ന് 15 ദിവസത്തിനു ശേഷം 30 ദിവസം വരെ ലഭിക്കുന്ന വിവാഹ റിപ്പോർട്ടുകൾ കാലതാമസം മാപ്പാക്കി തദ്ദേശരജിസ്ട്രാർക്കു തന്നെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഇതിനായി മേൽപ്പറഞ്ഞ രേഖകൾക്കൊപ്പം കാലതാമസം മാപ്പാക്കുന്നതിനുള്ള കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയും സമർപ്പിക്കേണ്ടതാണ്.

2.4 വിവാഹം നടന്ന് 30 ദിവസത്തിനു ശേഷം റിപ്പോർട്ടു ചെയ്യുന്ന വിവാഹങ്ങൾ ജില്ലാ രജിസ്ട്രാറായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

2.5 ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് വിവാഹത്തിലെ രണ്ടു കക്ഷികളും ഹിന്ദു മത വിശ്വാസികളോ, ബുദ്ധ, ജൈന, സിഖ് മത വിശ്വാസികളോ ആയിരിക്കേണ്ടതും വിവാഹം ഹിന്ദു വിവാഹ ആക്ടിലെ വ്യവസ്ഥ പ്രകാരം നടന്നിരിക്കേണ്ടതുമാണ്. എന്നാൽ പൗരത്വം പരിഗണിക്കാതെ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

2.6 വിവാഹ റിപ്പോർട്ട് നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ രജിസ്ട്രാർക്ക് സമർപ്പിക്കാവുന്നതാണ്. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഭാര്യാഭർത്താക്കൻമാർ നേരിട്ട് ഹാജരാകണമെന്നോ രജിസ്റ്ററിൽ ഒപ്പു വയ്ക്കണമെന്നോ വ്യവസ്ഥയില്ലാത്തതാണ്.

2.7 മൂന്നു രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ സമർപ്പിച്ച്, പത്തു രൂപ പകർപ്പു ഫീസ് ഒടുക്കി വിവാഹ സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ്. ഹിന്ദു വിവാഹ രജിസ്ട്രേഷൻ സേവനങ്ങൾക്കായി മറ്റു യാതൊരു ഫീസും ഈടാക്കുവാൻ പാടുള്ളതല്ല.

2.8 വിവാഹ രജിസ്ട്രേഷനിലെ പേര്, വയസ്, തീയതികൾ മുതലായ സാരവത്തായ വിവരങ്ങളിലെ തിരുത്തലുകൾ രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്ത് ഡയറക്ടർ) അനുമതിയോടെ നടത്തേണ്ടതാണ്. മറ്റു തിരുത്തലുകൾ ഗവ: സർക്കുലർ 23512/E2/2005/Law തീയതി 20.02.2006 പ്രകാരം ലോക്കൽ രജിസ്ട്രാർക്കു തന്നെ ചെയ്യാവുന്നതാണ്.

2.9 തിരുത്തലുകൾക്ക് ഫീസ് ഈടാക്കുന്നതിന് വ്യവസ്ഥയില്ല.

3 **പൊതു വിവാഹ രജിസ്ട്രേഷൻ .**

3.1 **രജിസ്ട്രേഷൻ**

3.1.1 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽ വന്ന 29.02.2008 മുതൽ നടക്കുന്ന എല്ലാ വിവാഹങ്ങളും നിർബ്ബന്ധമായും കക്ഷികളുടെ മതഭേദമെന്യേ വിവാഹം നടന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യുന്നതിനായി വിവാഹം നടന്ന തീയതി മുതൽ 45 ദിവസങ്ങൾക്കകം ചട്ടപ്രകാരമുള്ള ഫാറം നമ്പർ 1-ൽ രണ്ട് സെറ്റ് മെമ്മോറാണ്ടം സമർപ്പിക്കേണ്ടതാണ്.

3.1.2 ചട്ടങ്ങൾ നിലവിൽ വന്നതിനു മുമ്പു നടന്ന വിവാഹങ്ങളും ആവശ്യമെങ്കിൽ രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അനുമതിയോടെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.1.3 ഭാരതത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമോ മതാചാര പ്രകാരമോ നടന്ന വിവാഹങ്ങളല്ലാതെ ഏതെങ്കിലും കരാർ പ്രകാരമോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാക്കുന്ന യാതൊരു ബന്ധവും രജിസ്റ്റർ ചെയ്യാവുന്നതല്ല. (ജി.ഒ.(പി) നം.2/2015/നിയമം തീയതി 16.02.2015)

3.1.4 വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെടുന്നവരുടെ വിവാഹങ്ങളും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം നടന്നതാണെങ്കിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.1.5 27.06.2013 വരെ നടന്ന എല്ലാ വിവാഹങ്ങളും പ്രായ പരിധി പരിഗണിക്കാതെ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് 27.06.2013ലെ 41832/ആർ.ഡി.3/2013/തസ്വഭവ നമ്പർ സർക്കാർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ആയത് പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

3.1.6 2006 ലെ ശൈശവ വിവാഹ നിരോധന ആക്ടിലെ 3-ാം വകുപ്പ് പ്രകാരം പ്രായപൂർത്തിയാകാതെ നടന്ന വിവാഹങ്ങളിൽ കക്ഷികൾ പ്രായപൂർത്തിയായി 2 വർഷത്തിനകം വിവാഹം അസാധുവാക്കുന്നതിനുള്ള അപേക്ഷ ജില്ലാ കോടതിയിൽ സമർപ്പിക്കാത്ത പക്ഷം രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.1.7 ഭാര്യാഭർത്താക്കൻമാരിൽ ഒരാൾ മരണപ്പെട്ടുപോയ സംഗതിയിൽ ജീവിച്ചിരിക്കുന്നയാൾ വിവാഹത്തിന് സാക്ഷ്യം വഹിച്ച രണ്ടാളുകളുടെ ഒപ്പോടുകൂടിയ മെമ്മോറാണ്ടം, വിവാഹം നടന്നതിനുള്ള തെളിവും പങ്കാളിയുടെ മരണ സർട്ടിഫിക്കറ്റും സഹിതം ഹാജരാക്കുന്ന പക്ഷം വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.1.8 വിവാഹ രജിസ്ട്രേഷനായി മെമ്മോറാണ്ടത്തോടൊപ്പം വിവാഹത്തിലെ കക്ഷികളുടെ ജനനതീയതി തെളിയിക്കുന്നതിനുള്ള അംഗീകൃത രേഖകളും വിവാഹം നടന്നതിനുള്ള തെളിവും സമർപ്പിക്കേണ്ടതാണ്. രണ്ടാം വിവാഹമാണെങ്കിൽ ആദ്യവിവാഹം വേർപെട്ടതിന്റെ തെളിവിനായി മരണ സർട്ടിഫിക്കറ്റ്/വിവാഹമോചനം അനുവദിച്ച കോടതി ഉത്തരവ് സമർപ്പിക്കേണ്ടതാണ്. ഇസ്ലാം മതാചാരപ്രകാരമുള്ള വിവാഹങ്ങൾക്ക്, മുഹമ്മദൻ നിയമം അനുശാസിക്കുന്ന നിബന്ധനകൾ പാലിച്ച് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മുസ്ലീം വിവാഹങ്ങളുടെ മോചനം സംബന്ധിച്ച് മുഹമ്മദൻ നിയമം അനുശാസിക്കുന്ന ഏതെങ്കിലും വിധത്തിൽ ഭർത്താവ് ഭാര്യയെ മൊഴി ചൊല്ലി എന്നു കാണിക്കുന്ന ജമാ-അത്തിൽ നിന്നുള്ള കത്തോ ഭർത്താവും ഭാര്യയും തമ്മിൽ പരസ്പര ധാരണയിലുണ്ടായ കരാറിന്റെ അടിസ്ഥാനത്തിൽ നേടുന്ന വിവാഹ മോചന

രേഖയുടെ പകർപ്പോ അല്ലെങ്കിൽ കോടതിയിൽ നിന്നുള്ള വിവാഹ മോചന ഉത്തരവോ ഹാജരാക്കിയാൽ മതിയാകുന്നതാണ്

3.1.9 ഭർത്താവ് ഒരു പ്രവാസി ഭാരതീയനാകുന്ന സംഗതിയിൽ അദ്ദേഹത്തിന്റെ വിദേശത്തുള്ള താമസ സ്ഥലത്തിന്റെ മേൽവിലാസവും സെക്യൂരിറ്റി നമ്പരും പാസ്പോർട്ട് നമ്പരും മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തേണ്ടതും സാധുതയുള്ള പാസ്പോർട്ടിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് പകർപ്പ് വിവാഹ സർട്ടിഫിക്കറ്റ് നൽകുന്നതിനു മുമ്പായി വിവാഹ രജിസ്റ്ററിൽ ഒട്ടിക്കേണ്ടണ്ടതുമാണ്.

3.1.10 ഹിന്ദു വിവാഹ നിയമ പ്രകാരവും ക്രിസ്ത്യൻ വിവാഹ നിയമ പ്രകാരവും ഒരു ജീവിത പങ്കാളിയുള്ളപ്പോൾ മറ്റൊരു വിവാഹം അനുവദനീയമല്ല. എന്നാൽ മുസ്ലിം വ്യക്തി നിയമം അനുസരിച്ച് ബഹുഭാര്യാത്വം അനുവദനീയമായതിനാൽ അപ്രകാരമുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.1.11 വിവാഹ രജിസ്ട്രേഷനുള്ള മെമ്മോറാണ്ടം കഴിവതും ഓൺലൈനായി സമർപ്പിക്കേണ്ടതും മെമ്മോറാണ്ടത്തിന്റെ പ്രിന്റൗട്ട് വിവാഹത്തിലെ കക്ഷികളും സാക്ഷികളും ഒപ്പിട്ട് രജിസ്ട്രേഷൻ യൂണിറ്റിൽ ഹാജരാക്കേണ്ടതുമാണ്. സാക്ഷികൾ രജിസ്ട്രേഷൻ യൂണിറ്റിൽ നേരിട്ട് ഹാജരാകേണ്ടതില്ല.

3.1.12 വിവാഹം നടന്നതിനുള്ള തെളിവായി മതാചാര പ്രകാരമുള്ള വിവാഹങ്ങൾക്ക് മതാധികാരസ്ഥാനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ/എം.പി/എം.എൽ.എ/ തദ്ദേശഭരണ സ്ഥാപന അംഗം ഫോറം നം.2-ൽ നൽകുന്ന ഡിക്ലറേഷനും ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം നടന്ന വിവാഹങ്ങൾക്ക് വിവാഹ ഓഫീസർ നൽകുന്ന സാക്ഷ്യപത്രവും തെളിവായി സ്വീകരിക്കേണ്ടതാണ്.

3.1.13 ജനനതീയതി തെളിയിക്കുന്നതിന് സ്കൂൾരേഖ, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, ജനന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സർക്കാർ നൽകിയ ജനനതീയതി കാണിക്കുന്ന മറ്റു രേഖകൾ എന്നിവ സ്വീകരിക്കാവുന്നതാണ്.

3.1.14 ഫോറം 1-ൽ ഉള്ള മെമ്മോറാണ്ടവും രജിസ്ട്രേഷൻ ഫീസും ലഭിച്ചാൽ നേരിട്ടോ, തപാൽ മുഖേനയോ ലഭിക്കുന്നവ ഡാറ്റാ എൻട്രി നടത്തേണ്ടതും ഓൺലൈനായി ലഭിക്കുന്നവ ഡൗൺലോഡ് ചെയ്യേണ്ടതുമാണ്. മെമ്മോറാണ്ടത്തിന്റെ പ്രിന്റൗട്ട് അപേക്ഷർക്ക് പരിശോധനയ്ക്കായി നൽകി ഒപ്പിട്ടുവാങ്ങേണ്ടതും ആവശ്യമെങ്കിൽ തിരുത്തൽ വരുത്തിയ ശേഷം ഫോറം നമ്പർ 3- രജിസ്റ്ററിന്റെ പ്രിന്റൗട്ട് എടുക്കേണ്ടതുമാണ്.

3.1.15 വിവാഹത്തിലെ കക്ഷികൾ രജിസ്ട്രാർ മുമ്പാകെ നേരിട്ട് ഹാജരായി വിവാഹ രജിസ്റ്ററിൽ നിർദ്ദിഷ്ട സ്ഥാനത്ത് ഒപ്പുവയ്ക്കേണ്ടതാണ്. എന്നാൽ ഇരുകക്ഷികളും ഒരേ സമയം തന്നെ ഹാജരാകണമെന്ന് നിർബ്ബന്ധമില്ല. ഇപ്രകാരം കക്ഷികൾ ഒപ്പുവച്ച ശേഷം തദ്ദേശ രജിസ്ട്രാർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ രജിസ്ട്രേഷൻ നടത്തിയതായി കണക്കാക്കുകയുള്ളു. എന്നാൽ വിവാഹ രജിസ്റ്ററിൽ സാക്ഷികൾ ഒപ്പു വയ്ക്കേണ്ടതില്ല.

3.1.16 കഴിയുന്നതും മെമ്മോറാണ്ടം സമർപ്പിക്കുന്ന ദിവസം തന്നെ നടപടികൾ പൂർത്തിയാക്കി രജിസ്ട്രാർ തന്റെ ലോഗിനിൽ വിവാഹ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ഫോറം നം.3-ന്റെ പ്രിന്റൗട്ടിൽ രജിസ്ട്രേഷൻ നമ്പരും തീയതിയും രേഖപ്പെടുത്തി ഒപ്പു വയ്ക്കേണ്ടതുമാണ്. മെമ്മോറാണ്ടത്തിലെ ഉൾക്കുറിപ്പുകളെ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്നുവെങ്കിൽ രജിസ്ട്രാർക്ക് യുക്തമെന്നു തോന്നുന്ന അന്വേഷണം നടത്താവുന്നതും ഒരാഴ്ചയ്ക്കുള്ളിൽ രജിസ്ട്രേഷൻ നടത്തുന്നതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുമാണ്.

3.1.17 വിവാഹം രജിസ്റ്റർ ചെയ്യത്തക്കതല്ലെന്ന് കാണുന്നപക്ഷം സോഫ്റ്റ് വെയറിലും രജിസ്റ്ററിന്റെ പ്രിന്റൗട്ടിലും രേഖപ്പെടുത്തേണ്ടതും രജിസ്റ്റർ ചെയ്യാതിരിക്കാനുള്ള കാരണം കക്ഷികളെ

രേഖാമൂലം അറിയിക്കേണ്ടതുമാണ്.

3.1.18 വിവാഹം രജിസ്റ്റർ ചെയ്തതിനു തെളിവായി 4-ാം നമ്പർ ഫാറത്തിലുള്ള സാക്ഷ്യപത്രം കഴിയുന്നതും രജിസ്ട്രേഷൻ നടത്തുന്ന ദിവസം തന്നെയും പരമാവധി 3 പ്രവൃത്തിദിവസങ്ങൾ കഴിയുന്നതിന് മുമ്പായും നൽകേണ്ടതാണ്.

**3.2 45 ദിവസങ്ങൾക്കുശേഷമുള്ള രജിസ്ട്രേഷൻ**

3.2.1 വിവാഹ തീയ്തി മുതൽ 45 ദിവസത്തിനുശേഷം അഞ്ചു വർഷം വരെ മെമ്മോറാണ്ടം സമർപ്പിക്കുന്ന കേസുകളിൽ 100 രൂപ പിഴ ഈടാക്കി ലോക്കൽ രജിസ്ട്രാർക്കു തന്നെ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

3.2.2 ഇപ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന് മെമ്മോറാണ്ടത്തോടൊപ്പം ഗസറ്റഡ് ഓഫീസർ/എം.പി/എം.എൽ.എ/തദ്ദേശഭരണ സ്ഥാപന അംഗം ഫാറം നം.2-ൽ നൽകുന്ന ഡിക്ലറേഷൻ അല്ലെങ്കിൽ വിവാഹം നടന്നത് തെളിയിക്കുന്ന, രജിസ്ട്രാർക്ക് ബോദ്ധ്യമാകുന്ന തെളിവും സാധാരണ രജിസ്ട്രേഷനാവശ്യമായ മറ്റു രേഖകളും സമർപ്പിക്കേണ്ടതാണ്.

**3.3 5 വർഷം കഴിഞ്ഞുള്ള രജിസ്ട്രേഷൻ**

3.3.1 വിവാഹ തീയതി മുതൽ 5 വർഷം കഴിഞ്ഞ് മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുള്ള വിവാഹങ്ങൾ രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെ 250 രൂപ പിഴ ഈടാക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്.

3.3.2 ഇപ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന് മെമ്മോറാണ്ടത്തോടൊപ്പം ഗസറ്റഡ് ഓഫീസർ/എം.പി/എം.എൽ.എ/തദ്ദേശഭരണ സ്ഥാപന അംഗം ഫാറം നം.2-ൽ നൽകുന്ന ഡിക്ലറേഷൻ അല്ലെങ്കിൽ വിവാഹം നടന്നത് തെളിയിക്കുന്ന, രജിസ്ട്രാർ ജനറലിന് ബോദ്ധ്യമാകുന്ന തെളിവും സാധാരണ രജിസ്ട്രേഷനാവശ്യമായ മറ്റു രേഖകളും സമർപ്പിക്കേണ്ടതാണ്.

3.3.3 വിവാഹം നടന്ന് 5 വർഷത്തിനുശേഷം സമർപ്പിക്കുന്ന മെമ്മോറാണ്ടം അനുമതിക്കായി രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അയക്കുമ്പോൾ ആവശ്യമായ രേഖകൾക്കു പുറമേ വിവാഹം നടന്നതു സംബന്ധിച്ച് രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ടും വ്യക്തമായ ശുപാർശയും സമർപ്പിക്കേണ്ടതാണ്.

3.3.4 രജിസ്ട്രാർ ജനറലിന് ആവശ്യമുള്ള പക്ഷം വിശദമായ അന്വേഷണം നടത്താവുന്നതാണ്.

**3.4 തിരുത്തലും റദ്ദാക്കലും**

3.4.1 തദ്ദേശരജിസ്ട്രാർക്ക് സ്വമേധയായോ കക്ഷികളുടെ അപേക്ഷയിലോ വിവാഹ രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് രൂപത്തിലോ സാരാംശത്തിലോ തെറ്റാണെന്നോ വ്യാജമായോ കൃത്യതയില്ലാതെയോ ഉണ്ടാക്കിയതാണെന്നോ ബോദ്ധ്യപ്പെട്ടാൽ തിരുത്തലോ റദ്ദാക്കലോ സംബന്ധിച്ച നടപടികൾ സ്വീകരിക്കാവുന്നതാണ്.

3.4.2 പേര്, വയസ്, തീയതി മുതലായ സാരവത്തായ വിശദാംശങ്ങളിലെ ക്ലെറിക്കൽ പിശകുകൾ ഒഴികെയുള്ള തിരുത്തലുകളും റദ്ദാക്കലുകളും രജിസ്ടാർ ജനറലിന്റെ അനുമതിയോടെയും മറ്റുള്ള വിവരങ്ങളിലെ തിരുത്തലുകൾ രജിസ്ട്രാർക്ക് സ്വന്തം നിലയ്ക്കും നടത്താവുന്നതാണ്.

3.4.3 ക്ലെറിക്കൽ പിശക് ഒഴികെയുള്ള തിരുത്തലുകൾക്ക് നൂറു രൂപ ഫീസ് ഈടാക്കേണ്ടതാണ്.

3.4.4 വിവാഹ രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് തിരുത്തുകയോ റദ്ദാക്കുകയോ ചെയ്താൽ അതിന്റെ അറിയിപ്പ് വിവാഹത്തിലെ കക്ഷികൾക്ക് നൽകേണ്ടതാണ്.

3.4.5 തിരുത്തലോ റദ്ദാക്കലോ, ബന്ധപ്പെട്ട കക്ഷിക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ നടത്തുവാൻ പാടില്ല.

3.5 **പരിശോധനയും സർട്ടിഫിക്കറ്റ് നൽകലും**

3.5.1 വിവാഹ രജിസ്റ്ററിലെ ഏതൊരു ഉൾക്കുറിപ്പും പരിശോധിക്കുന്നതിനും വിവാഹ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും ഏതൊരാൾക്കും അപേക്ഷ സമർപ്പിക്കാവുന്നതും 25 രൂപ ഫീസ് ഒടുക്കുന്നതിന്മേൽ രജിസ്ട്രാർ പരിശോധന നടത്തി വിവരം നൽകുകയോ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്യേണ്ടതുമാണ്.

3.5.2 www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും സേർച്ച് ചെയ്ത് രജിസ്ട്രേഷൻ പൂർത്തീകരിച്ചതും വെബ്ബിലേക്ക് അപ്ലോഡ് ചെയ്തതുമായ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്തെടുക്കുന്ന ബാർകോഡോടു കൂടിയ സർട്ടിഫിക്കറ്റുകൾ എല്ലാ ആവശ്യങ്ങൾക്കും അംഗീകൃത രേഖയായി കണക്കാക്കുന്നതാണ് (GO(P) 6/13/Law dtd 09.10.2013).

3.5.3 1959 ലെ കേരള സ്റ്റാമ്പ് ആക്ട് ഷെഡ്യൂളിലെ ക്രമ നമ്പർ 23 (i) പ്രകാരം സർട്ടിഫിക്കറ്റുകൾ മുദ്രപ്പത്രത്തിൽ നൽകുമ്പോൾ 50 രൂപയുടെ മുദ്രപത്രമാണ് ഉപയോഗിക്കേണ്ടത്

3.6 **അപ്പീലും റിവിഷനും**

3.6.1 രജിസ്ട്രേഷൻ, തിരുത്തൽ, സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ തുടങ്ങിയ തദ്ദേശ രജിസ്ട്രാറുടെ ഏതൊരു തീരുമാനത്തിനെതിരെയും തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നുമാസക്കാലയളവിനുള്ളിൽ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. മതിയായ കാരണങ്ങളിന്മേൽ രജിസ്ട്രാർ ജനറലിന് കാലതാമസം മാപ്പാക്കാവുന്നതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം 60 ദിവസ കാലയളവിനുള്ളിൽ അപ്പീൽ തീർപ്പാക്കേണ്ടതുമാണ്.

3.6.2 രജിസ്ട്രാർ ജനറലിന്റെ തീരുമാനത്തിനെതിരെ തീരുമാനം അറിയിച്ച തീയതി മുതൽ മൂന്നുമാസക്കാലയളവിനുള്ളിൽ മുഖ്യ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) മുമ്പാകെ റിവിഷൻ ബോധിപ്പിക്കാവുന്നതാണ്. മതിയായ കാരണങ്ങളിന്മേൽ മുഖ്യ രജിസ്ട്രാർ ജനറലിന് കാലതാമസം മാപ്പാക്കാവുന്നതും ബന്ധപ്പെട്ട കക്ഷികളെ കേട്ടതിനുശേഷം 60 ദിവസ കാലയളവിനുള്ളിൽ അപ്പീൽ തീർപ്പാക്കേണ്ടതുമാണ്.

3.7 **ഫീസ്/പിഴ നിരക്ക്**

3.7.1 പൊതുവിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച ഫീസ്/പിഴ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഫീസ് |
|---|---|---|
| 1 | വിവാഹ രജിസ്ട്രേഷൻ | |
| (1) | ബി.പി.എൽ/എസ്.സി./എസ്.റ്റി വിഭാഗത്തിപ്പെട്ടവർക്ക് | 10/- |
| (2) | പൊതുവിഭാഗക്കാർക്ക് | 100/- |
| 2 | 45 ദിവസങ്ങൾക്കുശേഷം അഞ്ചു വർഷം വരെയുള്ള വിവാഹ രജിസ്ട്രേഷനുള്ള പിഴ (ഇനം 1-ലെ ഫീസിനു പുറമേ) | 100/- |
| 3 | 5 വർഷത്തിനുശേഷമുള്ള വിവാഹ രജിസ്ട്രേഷനുള്ള പിഴ (ഇനം 1-ലെ ഫീസിനു പുറമേ) | 250/- |
| 4 | ക്ലെറിക്കൽ പിശക് ഒഴികെയുള്ള തിരുത്തലുകൾക്ക് | 100/- |
| 5 | വിവാഹ രജിസ്ട്രേഷന്റെ തെളിവായി നൽകുന്ന വിവാഹ സാക്ഷ്യപത്രം | 20/- |
| 6 | വിവാഹ സാക്ഷ്യപത്രം (ചട്ടം 14 പ്രകാരം) 25/- | |

3.8 **സേവനാവകാശ നിയമം**

3.8.1 സേവനാവകാശ നിയമ പ്രകാരമുള്ള വ്യവസ്ഥകൾ ഈ വിഷയത്തിൽ ബാധകമാണ്. വിവിധ സേവനങ്ങൾക്കായി സമർപ്പിക്കേണ്ട രേഖകളും ഫീസും വ്യക്തമാക്കുന്ന ചെക്ക് ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് ചുമതലപ്പെടുത്തിയിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും അതുവഴി പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമായി സേവനങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.ബാലകിരൺ, ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ
ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ&
മുഖ്യ വിവാഹ (പൊതു) രജിസ്ട്രാർ ജനറൽ

എല്ലാ രജിസ്ട്രാർമാർക്കും

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും

അഡീഷണൽ ചീഫ് രജിസ്ട്രാർ

നഗരകാര്യ വകുപ്പ് ഡയറക്ടർ

എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)

എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (")

പബ്ലിസിറ്റി ആഫീസർ

കരുതൽ ഫയൽ

Danya M
സെക്ഷൻ ഓഫീസർ